# SAMPLE QUESTION PAPER

# ECONOMICS

**Std.XII** | **Total Score : 80**
**Time : $2^1/_2$ hrs.**

**INSTRUCTIONS**

1. Read questions carefully before answering the questions.
2. Calculations, figures and graphs should be shown in the answer sheet itself.
3. All the questions are compulsory
4. Maximum time allowed is 2 hrs 45 minutes, including cool off time.
5. First 15 minutes is cool off time, meant for reading the questions carefully.

www.StudyGuideIndia.com

1. Some terms in Economics are given below.

Scarcity, Wealth, Growth, Welfare

Identify the name of the Economists and this definitions associated with these terms.

Score.2


**സാമ്പത്തിക ശാസ്ത്രത്തിലെ ചില പദങ്ങൾ ചുവടെ ചേർക്കുന്നു.**

**ദൗർലഭ്യം (സ്കേഴ്സിറ്റി), സമ്പത്ത് (വെൽത്ത്), വളർച്ച (ഗ്രോത്ത്), ക്ഷേമം (വെൽഫയർ)**

**ഈ പദങ്ങളുമായി ബന്ധപ്പെടുന്ന സാമ്പത്തിക ശാസ്ത്ര നിർവചനങ്ങളും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ശാസ്ത്രജ്ഞരുടെ പേരും രേഖപ്പെടുത്തുക.**

Score.2


2. The Supply Curve of fish prior to the trolling ban is given below.




Draw the supply curves prior and after the trolling ban. What term do we use in Economics to denote this change?

Score.2

**ട്രോളിംഗ് നിരോധനത്തിന് മുൻപുള്ള മത്സ്യത്തിന്റെ പ്രദാന വക്രം (സപ്ലൈ കെർവ് ഓഫ് ഫിഷ്) താഴെ കൊടുക്കുന്നു.**



ഈ ഗ്രാഫ് വരച്ച് അതിൽ ട്രോളിംഗ് നിരോധനത്തിന് ശേഷമുള്ള സപ്ലൈ കെർവ് രേഖപ്പെടുത്തുക. ഈ മാറ്റത്തിന് സാമ്പത്തിക ശാസ്ത്രത്തിൽ ഉപയോഗിക്കുന്ന പദം ഏതെന്ന് എഴുതുക.

Score.2

3. The following table shows the demand and supply schedule for coconut in the Kozhikode Palayam Market on 30th July 2006.

| *Price* | *Quantity demanded (in 000's)* | *Quantity supplied (in 000's)* |
|---|---|---|
| 4 | 25 | 5 |
| 6 | 20 | 10 |
| 8 | 15 | 15 |
| 10 | 10 | 20 |
| 12 | 5 | 25 |

(a) At what price, the forces of demand and supply are equal? What do we call this price in Economics?

Score.1

(b) Analyse the demand and supply conditions at prices Rs.6 and Rs.10

Score.2

**2006 ജൂലായ് 30 ന് കോഴിക്കോട് പാളയം മാർക്കറ്റിലെ നാളികേരത്തിന്റെ ചോദന (ഡിമാന്റ്) പ്രദാന (സപ്ലൈ) വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.**

| **നാളികേരത്തിന്റെ വില** | **ഡിമാന്റ് ആയിരത്തിൽ** | **സപ്ലൈ ആയിരത്തിൽ** |
|---|---|---|
| 4 | 25 | 5 |
| 6 | 20 | 10 |
| 8 | 15 | 15 |
| 10 | 10 | 20 |
| 12 | 5 | 25 |

**a) തന്നിരിക്കുന്ന പട്ടികയിൽ ഏതു വിലയിലാണ് ഡിമാന്റും സപ്ലൈയും തുല്യമാകുന്നത്? സാമ്പത്തിക ശാസ്ത്രത്തിൽ ഈ വിലയെ വിളിക്കുന്ന പേരെന്ത്?**

Score.1

**b) പത്ത് രൂപ വിലയുണ്ടായിരുന്നപ്പോഴും ആറ് രൂപ വിലയുണ്ടായിരുന്നപ്പോഴുമുള്ള ചോദനത്തിന്റേയും (ഡിമാന്റിന്റേയും) പ്രദാനത്തിന്റേയും (സപ്ലൈയുടേയും) അവസ്ഥ എന്തെന്ന് വ്യക്തമാക്കുക?**

Score.2

4. The Rubber Board conducted a Seminar on the topic "The Ways and Means of Increasing Rubber Production in Kerala". One of the conclusions reached at was that production cannot be increased indefinitely by incresing the use of fertilizer alone. Which law of production is associated with this conclusion? State the Law.

Score.2

**"കേരളത്തിലെ റബർ ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ" എന്ന വിഷയത്തിൽ റബർ ബോർഡ് സംഘടിപ്പിച്ച ഒരു സെമിനാറിൽ എത്തിചേർന്ന നിഗമനങ്ങളിൽ ഒന്ന് ഇങ്ങനെയാണ്. "കൂടിയ തോതിലുള്ള രാസവളപ്രയോഗത്തിലൂടെ മാത്രം റബറുല്പാദനം അനന്തമായി വർധിപ്പിക്കാനാവില്ല". ഈ നിഗമനത്തിനു**

www.StudyGuideIndia.com

പിന്നിലെ ഉത്പാദനസിദ്ധാന്തം (ലൊ ഓഫ് പ്രൊഡക്ഷൻ) ഏതാണ്? ഈ സിദ്ധാന്തം പ്രസ്താവിക്കുക.

Score.2

5. Some terms related to theories of profit are given below:

**Uncertainty, Risk, Innovation, Surplus Value**

Identify the economists associated with these terms?

Score.2


ലാഭ സിദ്ധാന്തവുമായി ബന്ധപ്പെട്ട ചില പദങ്ങൾ താഴെ കൊടുക്കുന്നു.

അനിശ്ചിതത്വം (അൺസേർട്ടനിറ്റി), നഷ്ട സാധ്യത (റിസ്ക്), നവപ്രവർത്തനം (ഇന്നൊവേഷൻ), മിച്ചമൂല്യം (സർപ്ലസ് വാല്യു)

ഈ പദങ്ങളുമായി ബന്ധപ്പെട്ട സാമ്പത്തിക ശാസ്ത്രജ്ഞരെ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുക.


Score.2

6. Indicate the flows in a two sector economy in the following diagram.




Score.2

താഴെ കാണിച്ചിരിക്കുന്ന ചിത്രത്തിൽ ഒരു സമ്പദ്‌വ്യവസ്ഥയിലെ വരുമാന ഒഴുക്കുകൾ (സർക്കുലർ ഫ്ലോ ഓഫ് ഇൻകം) ഏതൊക്കെയെന്ന് രേഖപ്പെടുത്തുക.




Score.2

7. Prepare a schedule (6 questions) for interviewing a bank manager to get an idea on the following functions of a commercial banks.

**Primary functions, Secondary functions, Agency functions, General Utility functions**

Score.3

വാണിജ്യ ബാങ്കുകളുടെ ധർമങ്ങൾ മനസ്സിലാക്കുന്നതിലേക്കായി ഒരു ബാങ്ക് മാനേജരുമായി അഭിമുഖം നടത്തുവാൻ സഹായിക്കുന്ന ചോദ്യങ്ങൾ (6 എണ്ണം) തയ്യാറാക്കുക.

www.StudyGuideIndia.com

സൂചനകൾ* പ്രാഥമിക ധർമ്മങ്ങൾ, ദ്വിതീയ ധർമ്മങ്ങൾ,
ഏജൻസി പ്രവർത്തനങ്ങൾ, സാമൂഹിക സേവനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട
ചോദ്യങ്ങളാണ് രൂപപ്പെടുത്തേണ്ടത്.

Score.3

8. Categorise the following variables under appropriate headings.

**National income, Individual income, Price of a good, Wage for a worker, Price level, Inflation, Marginal Utility, Savings.**

Score.2

താഴെ തന്നിരിക്കുന്ന സാമ്പത്തിക സംജ്ഞകളെ ഉചിതമായി തരം തിരിക്കുക.

ദേശീയ വരുമാനം, വ്യക്തിഗത വരുമാനം, ഒരു വസ്തുവിന്റെ വില, ഒരു തൊഴിലാളിയുടെ വേതനം, വില നിലവാരം, പണപ്പെരുപ്പം, സീമാന്ത ഉപയുക്തത (മാർജിനൽ യൂട്ടിലിറ്റി), സമ്പാദ്യം.

Score.2

9. It was found from various studies that the wage rate of Kerala is comparatively higher than that of other states. How will you explain this phenomenon with reference to the role of trade unions?

Score.2

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ തൊഴിലാളികളുടെ വേതന നിരക്ക് താരതമ്യേന കൂടുതലാണ്. ഈ പ്രതിഭാസത്തെ തൊഴിലാളി യൂണിയനുകളുടെ പ്രവർത്തനവുമായി ബന്ധിപ്പിച്ചുകൊണ്ട് എങ്ങനെ വിലയിരുത്തും?

Score.2

10. In a field visit, a group of students collected and classified the information as shown below.

| No of ice cream boxes | TVC | TC | AC | MC | TR | AR | MR |
|---|---|---|---|---|---|---|---|
| 1 | 100 | | | | 500 | | |
| 2 | 250 | | | | 1000 | | |
| 3 | 450 | | | | 1500 | | |
| 4 | 750 | | | | 2000 | | |
| 5 | 1200 | | | | 2500 | | |
| 6 | 1600 | | | | 3000 | | |
| 7 | 2100 | | | | 3500 | | |

If Total Fixed Cost (TFC) of the firm is Rs.200.
a) Complete the above table by calculating TC, AC, MC, AR & MR

Score.4

b) Observing the AR and MR, identify the form of market and justify?

Score.1

www.StudyGuideIndia.com

**ഒരു കൂട്ടം വിദ്യാർഥികൾ ഫീൽഡ് വിസിറ്റ് നടത്തി ശേഖരിച്ച് തരംതിരിച്ച ചില വസ്തുതകളാണ് താഴെ നൽകിയിരിക്കുന്നത്:**

| No of ice cream boxes | TVC | TC | AC | MC | TR | AR | MR |
|---|---|---|---|---|---|---|---|
| 1 | 100 | | | | 500 | | |
| 2 | 250 | | | | 1000 | | |
| 3 | 450 | | | | 1500 | | |
| 4 | 750 | | | | 2000 | | |
| 5 | 1200 | | | | 2500 | | |
| 6 | 1600 | | | | 3000 | | |
| 7 | 2100 | | | | 3500 | | |

**ആകെ സ്ഥിരചെലവ് (ടോട്ടൽ ഫിക്സഡ് കോസ്റ്റ് TFC)**
**200 രൂപയാണെങ്കിൽ**

a) TC, AC, MC, AR, MR, **എന്നിവ കണക്കാക്കി മേൽപട്ടിക പൂർത്തീകരിക്കുക.**

Score 4

b) **ശരാശരി വരവും (AR) സീമാന്തവരവും (MR) താരതമ്യം ചെയ്ത് ഇവിടെ നിലനിൽക്കുന്ന കമ്പോള രൂപമേതെന്ന് രേഖപ്പെടുത്തി സമർഥിക്കുക.**

Score 1

11. Classify the following items into tax revenue and non tax revenue.

**Fees, Profession tax, Sales tax, Fines, Issue of currency, Income from public property, Building tax, Escheats, Customs duty.**

Score 2

**താഴെ കൊടുത്തിരിക്കുന്നവയെ നികുതി വരുമാനമെന്നും, നികുതിയേതര വരുമാനമെന്നും തരം തിരിക്കുക.**

**ഫീസ്, തൊഴിൽ കരം, വിൽപ്പന നികുതി, ഫൈൻ, നോട്ടടിച്ചിറക്കൽ, പൊതുമുതലിൽ നിന്നുള്ള വരുമാനം, കെട്ടിട നികുതി, എസ്ച്ചീറ്റ്സ്, കസ്റ്റംസ് തീരുവ**

Score 2

12. Classify the following functions under two heads.

**Discounting bills, Credit creation, Rediscounting bills, Note issue.**

| **Commercial Banks** | **Central Bank** |
|---|---|
| | |

Score 1

www.StudyGuideIndia.com

**താഴെ കൊടുത്തിരിക്കുന്ന ധർമങ്ങളെ തരംതിരിക്കുക.**

**ഡിസ്കൗണ്ടിംഗ് ബിൽ, റീ ഡിസ്കൗണ്ടിംഗ് ബിൽ, ക്രഡിറ്റ് ക്രിയേഷൻ, നോട്ട് അടിച്ചിറക്കൽ.**

| വാണിജ്യ ബാങ്ക് | കേന്ദ്ര ബാങ്ക് |
| --- | --- |
| | |

Score.1

13. Following are some of the products and services that we use in our daily life.

**Soap, Tooth paste, Railway, Cement, Mobile phone, Petroleum products, Electricity, Computer systems, TV**

a) Classify the above products and services under the following heads

| Perfect competition | Monopoly | Monopolistic competition | Oligopoly |
| --- | --- | --- | --- |
| | | | |

Score.1

b) What features did you keep in mind while classifying them?

Score.2

c) Did you include any item under perfect competition? Justify.

Score.2

**ദൈനംദിന ആവശ്യങ്ങൾക്ക് നാം ഉപയോഗിക്കുന്ന ചില സാധനങ്ങളും സേവനങ്ങളുമാണ് താഴെ ചേർത്തിരിക്കുന്നത്.**

**സോപ്പ്, ടൂത്ത് പേസ്റ്റ്, റെയിൽവേ, സിമന്റ്, മൊബൈൽ ഫോൺ, പെട്രോളിയം ഉത്പന്നങ്ങൾ, വൈദ്യുതി, കമ്പ്യൂട്ടർ, ടെലിവിഷൻ.**

**a) ഈ ഇനങ്ങളെ താഴെ തന്നിരിക്കുന്ന പട്ടികയിൽ തരം തിരിച്ച് എഴുതുക.**

| Perfect competition | Monopoly | Monopolistic competition | Oligopoly |
| --- | --- | --- | --- |
| | | | |


Score.1

www.StudyGuideIndia.com

b) ഏതൊക്കെ സവിശേഷതകൾ വച്ചുകൊണ്ടാണ് ഇവയെ ഇങ്ങനെ തരംതിരിച്ചത്?
Score.2

c) പൂർണകിടമത്സരത്തിൽ ഏതെങ്കിലും ഇനം ഉൾപ്പെടുത്തിയിട്ടുണ്ടോ? എന്തുകൊണ്ട്?
Score.2


14. A production possibility curve (PPC) representing the resource allocation of Indian Economy is shown below.




a) Suppose the Indian Economy is operating at point 'R' due to under utilization of resources. Suggest any two measures to lift the economy to any point on the production possibility curve.
Score.1

b)Imagine that the Indian Economy becomes a major force in information technology by 2010. If so, what will happen to the PPC. Explain with the help of a diagram.
Score.2

ഇൻഡ്യൻ സമ്പദ്‌വ്യവസ്ഥയുടെ ഒരു സാങ്കല്പിക ഉത്പാദന സാധ്യതാവക്രമാണ് (പ്രൊഡക്ഷൻ പോസിബിലിറ്റി കർവ്) താഴെ കൊടുത്തിരിക്കുന്നത്.




a) വിഭവങ്ങളുടെ അപൂർണ ഉപയോഗം (അണ്ടർ യൂട്ടിലൈസേഷൻ) മൂലം ഇൻഡ്യൻ സമ്പദ് വ്യവസ്ഥ ഇപ്പോൾ R എന്ന ബിന്ദുവിലാണ് പ്രവർത്തിക്കുന്നതെന്ന് സങ്കല്പിക്കുക. സമ്പദ് വ്യവസ്ഥയെ PPC യിലെ ഏതെങ്കിലും ഒരു ബിന്ദുവിലേക്ക് ഉയർത്തുന്നതിനായി രണ്ട് നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുക.
Score.1

b) രണ്ടായിരത്തിപത്തോടുകൂടി ഇൻഡ്യൻ സമ്പദ് വ്യവസ്ഥ വിവര സാങ്കേതിക വിദ്യയിൽ (ഇൻഫർമേഷൻ ടെക്നോളജി) ഒരു വൻ ശക്തിയാകുമെന്ന് വിഭാവനം ചെയ്യുക. അങ്ങനെയെങ്കിൽ PPC ക്ക് എന്തു സംഭവിക്കും എന്നത് ഒരു ചിത്രത്തിന്റെ സഹായത്തോടെ വിവരിക്കുക.
Score.2

15. The following table shows the different components of domestic factor income for an imaginary economy. Complete the table by calculating necessary figures.

www.StudyGuideIndia.com

| Domestic factor | Compensation of employees | Mixed income of self employed | Operating surplus |
|---|---|---|---|
| Rs. 500Cr | Rs.150 Cr | Rs.100Cr. | - |
| Rs. 800Cr | - | Rs.180Cr | Rs.200Cr |
| Rs. 100Cr | Rs.400Cr | - | Rs.450Cr |
| - | Rs.525Cr | Rs.375Cr | Rs.400Cr |

Score.3

**ഒരു സാങ്കല്പിക സമ്പത്ത് വ്യവസ്ഥയുടെ ആഭ്യന്തര ഘടകവരുമാനത്തിന്റെ ഘടകങ്ങളാണ് (ഡൊമസ്റ്റിക്ക് ഫാക്ടർ ഇൻകം) താഴെ പട്ടികപ്പെടുത്തിയിട്ടുള്ളത്. പട്ടികയിൽ വിട്ടുപോയിട്ടുള്ള കോളങ്ങൾ പൂരിപ്പിക്കുക.**

| Domestic factor income | Compensation of employees | Mixed income of the self employed | Operating surplus |
|---|---|---|---|
| Rs. 500Cr | Rs.150 Cr | Rs.100Cr. | - |
| Rs. 800Cr | - | Rs.180Cr | Rs.200Cr |
| Rs. 100Cr | Rs.400Cr | - | Rs.450Cr |
| - | Rs.525Cr | Rs.375Cr | Rs.400Cr |

Score.3

16. Before the invention of money, our predecessors used tusk and other things as medium of exchange. Why are we not using this now? Justify your answer by citing two reasons.

Score.2

**ആനക്കൊമ്പ് ഒരു വിനിമയ മാധ്യമമായി പൂർവികർ ഉപയോഗിച്ചിരുന്നു. ഇപ്പോൾ അത് പ്രചാരത്തിൽ ഇല്ലാത്തത് എന്തുകൊണ്ട്? നിങ്ങളുടെ അഭിപ്രായം ന്യായീകരിക്കുന്നതിന് രണ്ടു കാരണങ്ങൾ എഴുതുക.**

Score.2

17. Classify the following components into the visible and invisible heads.

**Shipping Services, Machinery, Textiles, Insurance**

Score.1

www.StudyGuideIndia.com

താഴെ കൊടുത്തിരിക്കുന്നവയെ ദൃശ്യമായവും അല്ലാത്തവയുമായി വർഗീകരിക്കുക.

കപ്പൽഗതാഗത സർവ്വീസ്, യന്ത്രസാമഗ്രികൾ, തുണിത്തരങ്ങൾ, ഇൻഷുറൻസ്.

Score.1

18. The GDP of a country is esimated at Rs.50 Crs. The NDP of the same country is estimated as Rs.45 Crs.

a) What difference can you make between these two totals?

Score.1

b) State the definition of the concept showing the difference between these totals.

Score.1

ഒരു രാജ്യത്തിന്റെ മൊത്തം ആഭ്യന്തര ഉത്പന്നം (GDP) 50 കോടി രൂപയും അറ്റ ആഭ്യന്തര ഉത്പന്നം (NDP) 45 കോടി രൂപയും ആണ്.

a) ഈ സഞ്ചയങ്ങൾ തമ്മിലുള്ള വ്യത്യാസം എന്ത്?

Score.1

b) ഈ സഞ്ചയങ്ങൾ തമ്മിലുള്ള വ്യത്യാസത്തെ എങ്ങനെ നിർവചിക്കാം

Score.1

19. Capital expenditure consists of the expenditure incurred by the govt. on the acquisition of capital assets. If so, make a list of examples of capital investments in your locality during the last five years.

Score.3

മൂലധന ആസ്തികളുടെ നിർമാണത്തിനായി (സമ്പാദനത്തിനായി) ഗവൺമെന്റ് ചെലവഴിക്കുന്ന തുകയാണ് "മൂലധനച്ചെലവ്" (ക്യാപിറ്റൽ എക്സ്പെന്റിച്ചർ) എന്നുപറയുന്നത്. നിങ്ങളുടെ പ്രദേശത്ത് അഞ്ചുവർഷത്തിനുള്ളിൽ നടന്ന മൂലധന നിക്ഷേപങ്ങളുടെ ഒരു ലിസ്റ്റ് തയാറാക്കുക.

Score.3

20. Participating in a debate, a student, Thomas argued that if there was no international trade, Indians would have been unlucky to have access to the modern consumable goods like mobile phone. Do you agree with his opinion. Cite any six points to substantiate your opinion.

Score.3

മൊബൈൽ ഫോൺ പോലുള്ള ആധുനിക ഉപഭോക്തൃ സാമഗ്രികൾ അന്താരാഷ്ട്ര വ്യാപാരത്തിന്റെ ഫലമായാണ് നമുക്ക് ലഭ്യമായതെന്ന് ഒരു സംവാദത്തിൽ പങ്കെടുക്കവേ തോമസ് എന്ന വിദ്യാർഥി അഭിപ്രായപ്പെടുകയുണ്ടായി. തോമസ്സിന്റെ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുവോ? നിങ്ങളുടെ അഭിപ്രായത്തെ സമർഥിക്കുന്നതിനായി 6 പോയിന്റുകൾ രേഖപ്പെടുത്തുക.

Score.3

www.StudyGuideIndia.com

21. Calculate the value added by firms A and B from the following data.

in Crores

| | | |
|---|---|---|
| a | Purchase by firm A from the rest of the world | Rs.40 |
| b | Sale by firm B | Rs.100 |
| c | Purchase by firmA fromfirmB | Rs.60 |
| d | Sale by firm A | Rs.120 |
| e | Exports by firm A | Rs.40 |
| f | Opening stock of firm A | Rs.45 |
| g | Clossing stock of firm A | Rs.30 |
| h | Opening stock of firm B | Rs.40 |
| g | Clossing stock of firm B | Rs.30 |
| h | Purchase by firm B from firm A | Rs.60 |

Based on the calculation state the definition of value added.

Score.5

**ഉത്പാദക യൂണിറ്റുകളായ A യുടെയും B യുടെയും കൂട്ടിച്ചേർത്ത മൂല്യം (വാല്യൂ ആഡഡ്) എത്രയെന്ന് വേർതിരിച്ചു കണക്കാക്കുക.**

കോടി

| | | |
|---|---|---|
| a | ഉത്പാദക യൂണിറ്റ് A ലോകത്തിന്റെ മറ്റ് ഭാഗങ്ങളിൽ നിന്ന് വാങ്ങിയത് | Rs.40 |
| b | ഉത്പാദക യൂണിറ്റ് B യുടെ വിറ്റ് വരവ് (സെയിൽസ്) | Rs.100 |
| c | ഉത്പാദക യൂണിറ്റ് A ഉത്പാദക യൂണിറ്റ് B യിൽ നിന്നു വാങ്ങിയത് | Rs.60 |
| d | ഉത്പാദക യൂണിറ്റ് A യുടെ വിറ്റ്വരവ് | Rs.120 |
| e | ഉത്പാദക യൂണിറ്റ് A കയറ്റി അയച്ചത് | Rs.40 |
| f | ഉത്പാദക യൂണിറ്റ് A യുടെ ഓപ്പണിംഗ് സ്റ്റോക്ക് | Rs.45 |
| g | ഉത്പാദക യൂണിറ്റ് A യുടെ ക്ലോസിംഗ് സ്റ്റോക്ക് | Rs.30 |
| h | ഉത്പാദക യൂണിറ്റ് B യുടെ ഓപ്പണിംഗ് സ്റ്റോക്ക് | Rs.40 |
| g | ഉത്പാദക യൂണിറ്റ് B യുടെ ക്ലോസിംഗ് സ്റ്റോക്ക് | Rs.30 |
| h | A യിൽ നിന്ന് ഉത്പാദക യൂണിറ്റ് B വാങ്ങിയത് | Rs.60 |

**കണക്കുകളുടെ അടിസ്ഥാനത്തിൽ വാല്യൂ ആഡഡ് നിർവചിക്കുക.**

Score.5

www.StudyGuideIndia.com

22. Mr. John is the owner of a firm. He has borrowed a certain amount of money as capital from banks for which he pays Rs.2 lakhs as interest. He also pays Rs.5 lakhs to the workers and Rs.1 lakh to the owner of the leased in factory building. Suppose these are the only expenses, and his turn over is Rs.12 lakhs.

Based on the above information identify the earnings of different factors of production.

Score.1

**സംരംഭകനായ ജോണിന്റെ വാർഷിക വിറ്റ് വരവ് (ടേൺ ഓവർ) 12 ലക്ഷം രൂപയാണ്. സ്ഥാപനനടത്തിപ്പിനായി കടമെടുത്തവകയിൽ ബാങ്കിന് 2 ലക്ഷം രൂപ പലിശ നൽകുന്നുണ്ട്. 5 ലക്ഷം രൂപ തൊഴിലാളികൾക്ക് പ്രതിഫലം നൽകുന്നു. ഫാക്ടറി പ്രവർത്തിക്കുന്ന കെട്ടിടവും വസ്തുവും നല്കുന്നതിന് പ്രതിഫലമായി ഉടമയ്ക്ക് ഒരു ലക്ഷം രൂപ നല്കുന്നുണ്ട്.**

**ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഉത്പാദന ഘടകങ്ങളും (ഫാക്ടേഴ്സ് ഓഫ് പ്രൊഡക്ഷൻ) അവയുടെ പ്രതിഫലങ്ങളും തരംതിരിച്ച് എഴുതുക.**

Score.1

23. The Governement of Kerala raised the tax rate on the building materials such as marble, granite, paint, pipe, floor tiles etc. from 12% to 20% in the budget for the year 2006-07. Suppose, four families A,B,C and D planned to construct new houses. They responded to the increased tax rate by reducing thier demand as shown in the table.

| Families | Percentage change in demand |
|---|---|
| A | 10 |
| B | 8 |
| C | 6 |
| D | 0 |

www.StudyGuideIndia.com

a) What would you think the effect of the increased tax rate on the price of these products?

Score.1

b) Calculate the price elasticity of demand for each of these four families using the Percentage Method.

Score.2

c) Represent graphically the slopes of demand curves showing the elasticity of demand for these families and explain them.

Score.4

d) Which degree of elasticity of demand is not found in this example?

Score.1

**2006-07 സാമ്പത്തികവർഷത്തെ കേരള ബഡ്ജറ്റിൽ മാർബിൾ, ഗ്രാനൈറ്റ്, പെയിന്റ്, പൈപ്പ്, ഫ്ലോർ ടൈൽ തുടങ്ങിയ കെട്ടിട നിർമ്മാണ വസ്തുക്കളുടെ നികുതി 12 % ൽ നിന്ന് 20% ലേക്ക് ഉയർത്തുകയുണ്ടായി. A B C D എന്നീ നാല് കുടുംബങ്ങൾ**

പുതുതായി വീട് വയ്ക്കാൻ തീരുമാനിച്ചിരുന്നുവെന്നും അവർ പ്രസ്തുത നികുതി വർധനവിനോട് താഴെ പറയുന്ന രീതിയിൽ ചോദനം (ഡിമാന്റ് ) കുറച്ചുകൊണ്ട് പ്രതികരിക്കും എന്നും കരുതുക.

| Families | Percentage change in demand |
|---|---|
| A | 10 |
| B | 8 |
| C | 6 |
| D | 0 |

a) ഈ സാധനങ്ങളുടെ വിലയെ നികുതി വർധനവ് എങ്ങനെ സ്വാധീനിച്ചു എന്നെഴുതുക.

Score.1

b) ശതമാനരീതി (പെർസന്റേജ് മെതേഡ്) അടിസ്ഥാനമാക്കി നാലു കുടുംബങ്ങളുടെയും സാധനവിലയുടെ ഇലാസ്തികത (പ്രൈസ് ഇലാസ്റ്റിവിറ്റി ഓഫ് ഡിമാന്റ്) കണ്ടെത്തുക.

Score.2

c) ഓരോ കുടുംബത്തിന്റെയും ചോദന വക്രത്തിന്റെ (ഡിമാന്റ് കർവ്) ചരിവുകളിലെ വ്യത്യാസം ചിത്രരൂപത്തിൽ രേഖപ്പെടുത്തി വിവരിക്കുക.

Score.4

d) ഈ ഉദാഹരണത്തിലൂടെ കണ്ടെത്താൻ കഴിയാത്തത് ഏതുതരം ഇലാസ്തികതയാണ്?

Score.1

24. Babu eats idly for breakfast. Suppose he eats 6 idilies. Keeping Marshall's Law of Diminishing Marginal Utility in mind, construct a table showing the relationship between Marginal Utility and Total Utility.

| No.of Idlies | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|
| Marginal Utility | | | | | | |
| Total Utility | | | | | | |

Score.2

www.StudyGuideIndia.com

പ്രഭാത ഭക്ഷണമായി ബാബു 6 ഇഡ്ഡലികൾ കഴിച്ചു. മാർഷലിന്റെ അപചയ സീമാന്ത ഉപയുക്തതാ സിദ്ധാന്തം (ലോ ഓഫ് ഡിമിനിഷിംഗ് മാർജിനൽ യൂട്ടിലിറ്റി) അനുസരിച്ച് സീമാന്ത ഉപയുക്തതയും (മാർജിനൽ യൂട്ടിലിറ്റി) മൊത്തം ഉപയുക്തതയും (ടോട്ടൽ യൂട്ടിലിറ്റി) താഴെ കാണുന്ന പട്ടികയിൽ രേഖപ്പെടുത്തുക.

| No.of Idlies | 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|---|
| Marginal Utility | | | | | | |
| Total Utility | | | | | | |

Score.2

25. In a furniture manufacturing unit, the demand for carpenters depends on the demand for furniture. If so, what difference can you make between the two demands.

Score.2

ഒരു ഫർണിച്ചർ ഉത്പാദക യൂണിറ്റിനെ സംബന്ധിച്ചിടത്തോളം ആശാരിയുടെ ചോദനം അയാൾ നിർമിക്കുന്ന സാധനത്തിന്റെ ചോദനത്തെ ആശ്രയിച്ചിരിക്കും. എങ്കിൽ ഈ രണ്ട് ചോദനവും തമ്മിലുള്ള വ്യത്യാസമെന്ത്?

Score.2

26. A seminar was conducted on the topic " Classicism Vs Keynesianism" - Prepare a seminar report using the following points.

a) Laissez-faire
b) Automatic operation of price mechanism
c) Say's law of market
d) Wage-price flexibility
e) Great depression of 1930's
f) Lack of effective demand
g) Under employment equilibrium

Hints- A Seminar report should have, a title, introduction, body and conclusion

Score.8

"ക്ലാസിസവും കെയ്നീഷ്യനിസവും" എന്ന വിഷയിൽ നടന്ന ഒരു സെമിനാറിന്റെ റിപ്പോർട്ട് താഴെ തന്നിരിക്കുന്ന സൂചകങ്ങൾ വികസിപ്പിച്ച് തയാറാക്കുക.

a) ലെയ്സ്സെയ്സ് ഫെയർ
b) വിലസംവിധാനത്തിന്റെ സ്വതന്ത്രമായ പ്രവർത്തനം
c) 'സെയുടെ' കമ്പോള നിയമം
d) വേതന വില ക്രമീകരണം
e) മുപ്പതുകളിലെ സാമ്പത്തിക മാന്ദ്യം
f) ഫലപ്രദ ചോദനത്തിന്റെ അഭാവം
g) സമ്പൂർണ്ണ തൊഴിൽരഹിത സംതുലിതാവസ്ഥ

സൂചന: ഒരു സെമിനാർ റിപ്പോർട്ടിന് തലക്കെട്ട്, ആമുഖം, മുഖ്യഭാഗം, ഉപസംഹാരം എന്നിവ ഉണ്ടാകണം.

Score.8

www.StudyGuideIndia.com

27. Fortunately or unfortunately most of our govt: budgets are deficit one. Is deficit budget advisable for a country like India. Justify your answer?

Score.2

ഭാഗ്യവശാലോ നിർഭാഗ്യവശാലോ നമ്മുടെ ഗവൺമെൻറ് അവതരിപ്പിക്കുന്ന ബഡ്ജറ്റുകൾ കമ്മി സ്വഭാവമുള്ളവയാണ്. ഇൻഡ്യയെപ്പോലുള്ള ഒരു സമ്പദ് വ്യവസ്ഥയ്ക്ക് ഇത് ഗുണകരമാണോ? നിങ്ങളുടെ അഭിപ്രായം സമർഥിക്കുക.

Score.2

28. Fiscal instruments are given in the following table.

| Fiscal policy | During excess demand | During deficient demand |
|---|---|---|
| Taxation | | |
| Public expenditure | | |
| Public debt | | |
| Budgetary policy | | |

Fill the table appropriately by considering the situation of excess demand and deficient demand.

Score.2

താഴെ തന്നിരിക്കുന്ന പട്ടികയിൽ ഫിസ്കൽ നയങ്ങൾ എങ്ങനെയാണ് ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കുക.

| ഫിസ്ക്കൽ നയങ്ങൾ | എക്സസ് ഡിമാന്റ് ഉള്ളപ്പോൾ | ഡെഫിഷ്യന്റ് ഡിമാന്റ് ഉള്ളപ്പോൾ |
|---|---|---|
| നികുതി നയങ്ങൾ | | |
| പൊതുചെലവ് നയങ്ങൾ | | |
| പൊതുകട നയം | | |
| ബഡ്ജറ്റ് നയം | | |

Score.2

www.StudyGuideIndia.com